# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2240** 04.11.2019 - ൽ മറുപടിക്ക്.

## ഇ-പോസ് സംവിധാനത്തിന്റെ പരിശോധന

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.സി. ജോർജ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** മുൻഗണന/മുൻഗണനേതര വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് കൃത്യമായി ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾ വഴി ലഭിക്കുന്നതിന് വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള ഇ-പോസ് സംവിധാനം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ; | **(എ)** ഇ-പോസ് സംവിധാനം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണത്തിന്റെ കൃത്യത ഉറപ്പ വരുത്തുന്നതിനായി എല്ലാ മാസങ്ങളിലും താലൂക്കുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന റേഷൻ ഡിപ്പോയിലെ കാർഡുടമകളെ നേരിൽ കണ്ട് മൊഴി രേഖപ്പെടുത്തി, ഇ-പോസ് മെഷീനിലെ വിവരങ്ങളുമായി ഒത്തു നോക്കി ഫീൽഡ് പരിശോധനയും നടത്താറുണ്ട്. |
| **(ബി)** ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | **(ബി)** ക്രമക്കേട് കണ്ടെത്തുന്ന കേസുകളിൽ 1966 ലെ കേരളാ റേഷനിംഗ് ഓർഡറിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാ നടപടികളായ അംഗീകാരം താൽക്കാലികമായി റദ്ദാക്കൽ, പിഴ തുക ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ